DESPATCHED
ദി 02/08/21

27/7/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 515(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.5162/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2021 ജൂലൈ 27

ശ്രീമതി. കെ. ദാക്ഷായണി,
റിട്ട. ഹെഡ്മിസ്ട്രസ്,
കെ.എം.സി 19/93,
കൊറക്കോട് പി.ഒ.,
കാസറഗോഡ് – 671 121. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & അസിസ്റ്റന്റ് എഞ്ചിനീയർ, കാസറഗോഡ് നഗരസഭ, കാസറഗോഡ്.
2. അപ്പീൽ അധികാരി & അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കാസറഗോഡ് നഗരസഭ, കാസറഗോഡ്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 11.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 5.2.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 5.3.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | – |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.4.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 20.4.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.4.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 22.6.2021 |
| ഹിയറിംഗ് (വീഡിയോ) തീയതി | 23.7.2021 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹർജിക്കാരിയും പ്രതിനിധിയും ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. കെ. ദാക്ഷായണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, 11.1.2021 ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 5.2.2021 ന്

തയ്യാറാക്കിയ മറുപടി 4.3.2021 നാണ് ലഭിച്ചതെന്നും ഈ മറുപടിയ്ക്കെതിരെ 5.3.2021 ന് ഒന്നാം അപ്പീൽ നൽകിയെങ്കിലും ആയത് ഇന്നേവരെ തീർപ്പാക്കി മറുപടി ലഭിച്ചിട്ടില്ലെന്നും വ്യാജ തീയതി രേഖപ്പെടുത്തിയാണ് എസ്.പി.ഐ.ഒ. മറുപടി തയ്യാറാക്കിയത് എന്നതിനാലാണ് 5.2.2021 തീയതി രേഖപ്പെടുത്തി തയ്യാറാക്കിയ മറുപടി ടിയാൾക്ക് 4.3.2021 ന് ലഭിക്കുവാൻ ഇടയായത് എന്നും ഇതേ വിഷയം സംബന്ധിച്ച് സി.പി. 1016(3)/2010/എസ്.ഐ.സി നമ്പർ ഹർജിയിൽ 10.2.2011 ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും അതൊന്നും നഗരസഭ കണക്കിലെടുത്തിട്ടില്ലെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 11.1.2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് കാസറഗോഡ് നഗരസഭ സെക്രട്ടറിയുടെ 17.8.2010–ലെ പി.ഡബ്ല്യു2/ബി.എ1555/10 നമ്പർ അറിയിപ്പിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ നഗരസഭ ചെയ്ത വസ്തുതകൾ എന്തൊക്കെയാണെന്നും 1999–ലെ കേരള മുൻസിപ്പാലിറ്റീസ് ആക്ടിലെ ചാപ്ടർ മൂന്ന് 18 വകുപ്പ് പ്രകാരം എന്തെങ്കിലും നടപടികളും എടുത്തിട്ടുണ്ടോ എന്നുമാണ്.

3. പ്രസ്തുത അപേക്ഷയ്ക്ക് 5.2.2021 ന് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരിയുടെ അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന പി.ഡബ്ല്യു2/ബി.എ1555/10 നമ്പർ ഫയൽ നാളിതുവരെ ഓഫീസിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും ഈ വിഷയം സംബന്ധിച്ച് അപേക്ഷയിൽ പറയുന്ന പ്രസ്തുത സ്ഥലം പരിശോധന നടത്തി ആയതിന്റെ വിവരം അറിയിക്കുന്നതാണെന്നുമാണ്. ഒന്നാം എതിർകക്ഷി ലഭ്യമാക്കിയ മറുപടിയ്ക്കെതിരെ 5.3.2021 ന് ഒന്നാം അപ്പീൽ നൽകിയെങ്കിലും ആയതിന് യാതൊരു മറുപടിയും നൽകിയതായി കാണുന്നില്ല.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കമ്മീഷന്റെ 27.4.2021–ലെ കത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും 13.1.2021–ലെ ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് 5.2.2021 തീയതി മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് 6.3.2021ൽ അപ്പീൽ അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്തുകയും പരാതിക്കാസ്പദമായ സെപ്റ്റിക്ക് ടാങ്ക് മാറ്റി സ്ഥാപിക്കുന്നതിന് 28.5.2021 തീയതി നോട്ടീസ് നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും നേരിൽ കേട്ട വേളയിൽ ഹർജിക്കാരിയും/പ്രതിനിധിയും, ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചു. 2011 ഫെബ്രുവരി 16–ന് സി.പി.1016(3)/2010/എസ്.ഐ.സി നമ്പർ പരാതി ഹർജിയിൽ കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കിയിരുന്നുവെങ്കിൽ അപ്പീൽ ഹർജിക്കാരിക്ക് ഇക്കാര്യത്തിൽ വീണ്ടും കമ്മീഷനെ സമീപിക്കേണ്ടതായി വരുമായിരുന്നില്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി 5.2.2021 – ന് തയ്യാറാക്കിയ മറുപടി 4.3.2021 ന് മാത്രം ടിയാൾക്ക് ലഭിക്കുവാനുണ്ടായ സാഹചര്യം പരിശോധിക്കുന്നതിനായി ടി മറുപടി അയച്ച ഡെസ്പാച്ച് കം സ്റ്റാമ്പ് രജിസ്റ്ററിന്റെ പകർപ്പും, മറുപടി തയ്യാറാക്കുന്നതിന് ആധാരമായ നഷ്ടപ്പെട്ടു എന്ന് പറയുന്ന ഫയൽ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് എതിർകക്ഷികൾ

സ്വീകരിച്ചതെന്നുമുള്ള വിശദമായ റിപ്പോർട്ടും ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം ഒന്നാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കേണ്ടതാണ്. അതുപോലെ തന്നെ 5.3.2021–ന് ഹർജിക്കാരി നൽകിയ ഒന്നാം അപ്പീൽ സമയബന്ധിതമായി തീർപ്പാക്കി ഉത്തരവാകാതിരുന്നത് സംബന്ധിച്ച വിശദീകരണം ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം രണ്ടാം എതിർകക്ഷിയും കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്. ടി റിപ്പോർട്ടും വിശദീകരണവും പരിശോധിച്ചശേഷം വിവരാവകാശ നിയമ പ്രകാരം മറുപടി നൽകിയതിൽ ടിയാളുകളുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷാ നടപടി സ്വീകരിക്കേണ്ടതുണ്ടോ എന്നും കമ്മീഷൻ പരിശോധിക്കുന്നതാണ്.

6. പ്രായാധിക്യത്താലുള്ള മറ്റ് വിഷമതകൾ അനുഭവിക്കുന്ന ഹർജിക്കാരിയ്ക്ക് നീതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ഹർജിക്കാരിയുടെ അപേക്ഷ ഗൗരവമായി കണ്ട് ഇവരുടെ ആക്ഷേപം പരിഹരിക്കുന്നത് വ്യക്തിപരമായ ശ്രദ്ധ എതിർകക്ഷികൾ സ്വീകരിക്കണമെന്നും കമ്മീഷൻ പ്രത്യേകം നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2021 ജൂലൈ 27–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk